കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്
തമ്പാനൂർ, തിരുവനന്തപുരം-695001
E-mail: ceekinfo.cee@kerala.gov.in
Telephone: 0471 - 2525300

## വിജ്ഞാപനം
## ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സ് പ്രവേശനം 2024
## സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

കേരളത്തിലെ ഫാർമസി കോളേജുകളിലെ ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സിൽ മൂന്നാംഘട്ട അലോട്ട്മെന്റിന് ശേഷം ഒഴിവുള്ള സീറ്റുകളിലേക്ക് പ്രവേശനത്തിനുള്ള സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റ് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾ മൂന്നാംഘട്ട അലോട്ട്മെന്റിനായി ഓൺലൈനായി രജിസ്റ്റർ ചെയ്ത ഓപ്ഷനുകളുടെയും പ്രവേശന പരീക്ഷയിലെ റാങ്കിന്റെയും അടിസ്ഥാനത്തിലാണ് അലോട്ട്മെന്റ് നടത്തിയിട്ടുള്ളത്.

**'B.Pharm (LE) 2024 - Candidate Portal'** - ലൂടെ ആപ്ലിക്കേഷൻ നമ്പരും പാസ് വേർഡും കൃത്യമായി നൽകി ഹോം പേജിൽ പ്രവേശിച്ചതിനു ശേഷം **'Allotment Result'** എന്ന മെനുവിൽ ക്ലിക്ക് ചെയ്ത് അലോട്ട്മെന്റ് വിവരം അറിയാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ചവർ അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യേണ്ടത് ആവശ്യമാണ്. അലോട്ട്മെന്റ് ലഭിച്ചവർക്ക് അപേക്ഷകന്റെ പേര്, റോൾ നമ്പർ, അലോട്ട്മെന്റിന്റെ വിശദാംശങ്ങൾ, ട്യൂഷൻ ഫീസ് തുടങ്ങിയ വിവരങ്ങൾ അലോട്ട്മെന്റ് മെമ്മോയിൽ ലഭ്യമാണ്. കൂടാതെ ഹോം പേജിൽ പ്രവേശിച്ചതിനു ശേഷം **'Data Sheet'** എന്ന മെനു ക്ലിക്ക് ചെയ്ത് അപേക്ഷർക്ക് അവരുടെ ഡാറ്റാഷീറ്റിന്റെ പ്രിന്റൗട്ട് എടുക്കാവുന്നതാണ്.

അലോട്ട്മെന്റ് ലഭിച്ചവർ അവരുടെ അലോട്ട്മെന്റ് മെമ്മോയും പ്രോസ്പെക്ടസ് ഖണ്ഡിക 7.3.8 - ൽ പറയുന്ന അസ്സൽ രേഖകളും സഹിതം **18.02.2025 മുതൽ 19.02.2025, വൈകുന്നേരം 4.00 മണിക്ക് മുമ്പ്** ബന്ധപ്പെട്ട കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. പ്രവേശന സമയത്ത് ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള മുഴുവൻ ഫീസും കോളേജിൽ ഒടുക്കേണ്ടതാണ്. കോളേജ് പ്രിൻസിപ്പൽമാർ 19.02.2025 വൈകുന്നേരം 5.00 മണിക്ക് മുമ്പ് പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ അംഗീകരിച്ച് ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (OAMS) മുഖേന സമർപ്പിക്കണം. നിർദ്ദിഷ്ട തീയതികളിൽ അഡ്മിഷൻ നേടാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റ് നഷ്ടപ്പെടുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ : 0471 2525300**

പ്രവേശന പരീക്ഷാ കമ്മീഷണർക്കുവേണ്ടി

തിരുവനന്തപുരം
17-02-2025